

# സ്രഷ്ടാവായ ദൈവം

1

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

പാഠം 11

# ഈശോ ദൈവപുത്രൻ



ഈശോ ദൈവത്തിന്റെ പുത്രനാണ്.
ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്.
ഈശോ മാമോദീസാ സ്വീകരിച്ചു കഴിഞ്ഞ
പ്പോൾ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ
ഈശോയുടെ മേൽ വന്നു. പിതാവായ
ദൈവം ഈശോയെക്കുറിച്ചു പറഞ്ഞു.

# ഇവൻ എന്റെ പ്രിയ പുത്രൻ
# ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു



# നമുക്കു പാടാം



യോർദ്ദാൻ നദിയിൽ ഈശോ നാഥൻ
മാമ്മോദീസാ കൈകൊണ്ടുടനെ
സ്വർഗത്തിൻ തിരുവാതിൽ തുറന്നു
ആത്മാവിൻ കൃപ വന്നു നിറഞ്ഞു.

പാവനമായൊരു മാമ്മോദീസാ
കൈക്കൊണ്ടീടുന്നാ നിമിഷത്തിൽ
ദൈവത്തിൻ പ്രിയമക്കളതായി
തീരുന്നു നാം ദൈവിക കൃപയാൽ.



മാമോദീസായിലൂടെ നാമും ദൈവമക്കളായി തീരുന്നു. നമ്മൾ മാമോദീസാ സ്വീകരിച്ചതു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലാണ്.

# കരിശടയാളം വരയ്ക്കാം

പിതാവിന്റെയും

പുത്രന്റെയും

പരിശുദ്ധാത്മാവിന്റെയും

നാമത്തിൽ ,

ആമ്മേൻ.



# കൈകൾ കൂപ്പാം

മാമോദീസായിലൂടെ ഞങ്ങളെ

ദൈവമക്കളാക്കിയ ദൈവമേ നന്ദി.





# നമുക്കു പാടാം

നിത്യപിതാവാം സകലേശാ
നിത്യസുതാ നരപാലകനേ
സത്യാത്മാവാം റൂഹായേ
സ്തുതിയും സ്തോത്രവുമെന്നേയ്ക്കും.

# മനഃപാഠമാക്കാം

ത്രിത്വസ്തുതി ചൊല്ലാം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;

ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഈശോ ദൈവത്തിന്റെ പുത്ര നാണ്.

* ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്.

* മാമ്മോദീസായിലൂടെ നാം ദൈവമക്കളായിത്തീരുന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ഞാൻ ദൈവപൈതലാണ്



## സ്വന്തമാക്കേണ്ട ശീലങ്ങൾ

* ദിവസവും ഉറങ്ങാൻ പോകുന്നതിനു മുൻപ് ഞാൻ ത്രിത്വസ്തുതി ചൊല്ലി ദൈവത്തിനു നന്ദി പറയും.


THANK
YOU